# വഴിയിലെ അമൃത്

## 5. ഗുണം

ചില കാര്യങ്ങൾ നമുക്ക് ആരും പറഞ്ഞുതരണമെന്നില്ല. ചിലപ്പോൾ അതെപറ്റി പഠിക്കുകയോ വായിക്കുകയോ ചെയ്തിട്ടുണ്ടെങ്കിലും ഓർമ ഉണ്ടാകണമെന്നുമില്ല. നമ്മുടെ ജീവിതത്തിന് വെളിച്ചമേകുന്ന കാര്യങ്ങളാകാം അവ. പറഞ്ഞിട്ടെന്ത്, ആരും ആ വക കാര്യങ്ങൾ പറഞ്ഞുതരണമെന്നില്ല.

ഒരിക്കൽ ഖലീഫ അലിബിൻ അബീത്വാലിബ് തന്റെ മകൻ ഹസനോട് പറഞ്ഞു:

''മോനേ, നീ ജനങ്ങളോട് ബുദ്ധിപൂർവം പെരുമാറുക. അതാണ് ഏറ്റവും ഐശ്വര്യം. ബുദ്ധിയാണ് ഒരാളുടെ ഏറ്റവും വലിയ സമ്പത്ത്.''

''അവിവേകിയും വിഢിയുമായവനെപ്പോലെ പെരുമാറാതിരിക്കുക. അങ്ങനെ പെരുമാറുന്നതാണ് ഒരാളുടെ വലിയ ദാരിദ്ര്യം.''

''ഉത്തമസ്വഭാവം ആർജിക്കുക. സദ്സ്വഭാവത്തിനനുസരിച്ചാണ് ഒരാൾ ആദരിക്കപ്പെടുക.''



''സ്വന്തം കാര്യം മാത്രം വലുതായി കാണരുത്. അത് അത്യാഗ്രഹമാണ്.''

ഈ മകൻ അങ്ങനെത്തന്നെയാണ് ജീവിച്ചത്. ജനങ്ങളുടെ സ്നേഹപാത്രമായ അവൻ യുവാവായിരിക്കെ ഇറാഖിലെ കർബല എന്ന സ്ഥലത്തുവെച്ച് പിതാവിനെപ്പോലെ സ്വന്തം വിശ്വാസത്തിനു വേണ്ടി രക്തസാക്ഷിയാവുകയുണ്ടായി.

ഏത് വിഷയത്തെ സമീപിക്കുന്നതും അല്പം ചിന്തിച്ചുകൊണ്ടാകണം. യുക്തിപൂർവം പെരുമാറുന്ന വർക്ക് ഒരിക്കലും പരാജയം സംഭവിക്കുകയില്ല. ''ഹേയ്, അവൻ പൊട്ടനാ. പറഞ്ഞാൽ മനസ്സിലാകില്ല'' എന്ന് ആളുകൾ പറയാൻ ഇടവരുന്നത് മോശമാണ്. അതാണ് വിഢിത്തം. ബുദ്ധിയില്ലാത്തവ രെപ്പോലെ പെരുമാറുന്നവരുടെ ഒരു കാര്യവും നേരാംവണ്ണം വിജയിക്കില്ല. ''അവൻ തരക്കേടില്ല, കാര്യം പറഞ്ഞാൽ അവന് മനസ്സിലാകും'' എന്ന് പറയുന്നതിലാണ് നമ്മുടെ അംഗീകാരം.

നല്ല സ്വഭാവം ആർജിക്കണം. പെട്ടെന്ന് കോപിക്കുന്ന ശീലവും അനുസരണക്കേടും വർജിക്കുക. കുട്ടിക്കാലത്ത് നാം നേടുന്ന അച്ചടക്കമാണ് ജീവിതത്തിൽ ഉപകരിക്കുക.

ഒരു കാര്യത്തിലും അത്യാഗ്രഹം നല്ലതല്ല. നാം നമ്മുടെ കാര്യത്തിൽ താല്പര്യം കാണിക്കുന്നതുപോലെ മറ്റുള്ളവരുടെ കാര്യത്തിലും താല്പര്യം കാണിക്കണം. സ്വന്തം ആവശ്യം നിലനിൽക്കെ തന്നെ മറ്റുള്ളവരുടെ ആവശ്യങ്ങൾക്കും പരിഗണന നൽകുന്നത് ഏറെ പുണ്യമുള്ള കാര്യമാണ്.

ബുദ്ധിപൂർവം പെരുമാറുന്നത് അറിവുള്ളവരുടെ ലക്ഷണമാണ്. അതാണ് വലിയ ധനം. വിഢി എത്ര വലിയ പണക്കാരനായിട്ടും കാര്യമില്ല. അവൻ ദരിദ്രനെപ്പോലെയായിരിക്കും.